൨൨൬൨൮
12/12/19

# കേരള സർക്കാർ

## സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - സ്കൂൾ ഗ്രൗണ്ടിൽ തടിക്കഷണം ഉപയോഗിച്ച് ക്രിക്കറ്റ് കളിച്ചിരുന്ന വിദ്യാർത്ഥിയുടെ കൈയിൽ നിന്നും ടി തടിക്കഷണം പിടിവിട്ട് തലയുടെ പുറകുവശത്ത് പതിച്ചതിനെ തുടർന്ന് മരണപ്പെട്ട ആലപ്പുഴ ജില്ലയിലെ മാവേലിക്കര താലൂക്കിൽ, ചുനക്കര വില്ലേജിൽ ഗവ. വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിലെ ആറാം ക്ലാസ് ഇംഗ്ലീഷ് മീഡിയം വിദ്യാർത്ഥി മാസ്റ്റർ നവനീതിന്റെ കുടുംബത്തിന് ധനസഹായം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================

## റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

സ.ഉ. (എം.എസ്.) നമ്പർ : **370/2019/റവ.** തിരുവനന്തപുരം, തീയതി, **09.12.2019.**

==========================================

## ഉത്തരവ്

സ്കൂൾ ഗ്രൗണ്ടിൽ തടിക്കഷണം ഉപയോഗിച്ച് ക്രിക്കറ്റ് കളിച്ചിരുന്ന വിദ്യാർത്ഥിയുടെ കൈയിൽ നിന്നും ടി തടിക്കഷണം പിടിവിട്ട് തലയുടെ പുറകുവശത്ത് പതിച്ചതിനെ തുടർന്ന് മരണപ്പെട്ട ആലപ്പുഴ ജില്ലയിലെ മാവേലിക്കര താലൂക്കിൽ, ചുനക്കര വില്ലേജിൽ ഗവ. വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിലെ ആറാം ക്ലാസ് ഇംഗ്ലീഷ് മീഡിയം വിദ്യാർത്ഥി മാസ്റ്റർ നവനീതിന്റെ (S/o സന്തോഷ്, വിനോദ് ഭവനം, പുതുപ്പള്ളിക്കുന്നം, നൂറനാട്) കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 10 ലക്ഷം രൂപ അനുവദിച്ച് ഉത്തരവാകുന്നു.

2. വിതരണത്തിനാവശ്യമായിവരുന്ന 10,00,000/- രൂപ (പത്തു ലക്ഷം രൂപ മാത്രം) *"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"* എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും തുക ആലപ്പുഴ ജില്ലാകളക്ടർക്ക് അനുവദിക്കേണ്ടതും, ജില്ലാകളക്ടർ തുക വിതരണം ചെയ്ത് ഒരാഴ്ചയ്ക്കകം സർക്കാരിനെ വിവരം അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. വേണു. വി.,
പ്രിൻസിപ്പൽ സെക്രട്ടറി.

ജില്ലാ കളക്ടർ, ആലപ്പുഴ
തഹസിൽദാർ, മാവേലിക്കര
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, ആലപ്പുഴ (ട്രഷറി ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ ഫണ്ട്സ് വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.

പൊതുഭരണ (എസ്.സി.) വകുപ്പ്. [illegible]

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Bindumol. K. N

സെക്ഷൻ ഓഫീസർ.